എം.എൽ.എ.-യുടെ വികസനഫണ്ടിൽ നിന്നും തുക അനുവദിച്ച പദ്ധതികൾ

29 (2307) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പട്ടാമ്പി മണ്ഡലത്തിൽ വൈദ്യുതീകരണ ജോലികൾക്കായി എം.എൽ.എ.-യുടെ വികസനഫണ്ടിൽ നിന്ന് തുകയനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള സാമഗ്രികളുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമമനുസരിച്ചാണ് വർക്കു ചെയ്തു തീർക്കുന്നത്.

(ബി) പൊതുവായി ആവശ്യമുള്ള സാധനസാമഗ്രികൾ കഴിയുന്നത്ര ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുൻഗണനാക്രമത്തിൽ പണികൾ പൂർത്തിയാക്കുന്നതാണ്.

വല്ലപ്പുഴയിലും മുതുതലയിലും കെ.എസ്.ഇ.ബി. സബ് ഓഫീസുകൾ

30 (2308) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട വല്ലപ്പുഴയിലും മുതുതലയിലും കെ.എസ്.ഇ.ബി. ഓഫീസുകൾ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സബ് ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly